# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 67 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ളത്തിന് നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. ഇ.കെ. വിജയൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനാണ് നിർദ്ദേശമുണ്ടായതെന്ന് വിശദമാക്കുമോ;<br><br>(ബി) കുടിവെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന നിർദ്ദേശങ്ങളിൻമേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്ത് തീരുമാനമാണെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) കുടിവെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന നിർദ്ദേശങ്ങൾ ഒന്നും തന്നെ ജലവിഭവ വകുപ്പിൽ നാളിതുവരെ ലഭിച്ചിട്ടില്ല. എന്നാൽ വരൾച്ച കണക്കിലെടുത്ത് കേരള വാട്ടർ അതോറിറ്റി ഗ്രാമപ്രദേശങ്ങളിൽ പല സ്ഥലങ്ങളിലും പുതിയ വാട്ടർ കണക്ഷനുകൾ താല്കാലികമായി അനുവദിക്കുന്നില്ല. നിർമ്മാണാവശ്യങ്ങൾക്കായുള്ള കണക്ഷനുകൾ പുതിയതായി അനുവദിക്കുന്നില്ല. നഗര പ്രദേശങ്ങളിൽ ഫ്ളാറ്റ്, ബഹുനിലകെട്ടിടം, നോൺ ഡൊമസ്റ്റിക് കാഷ്വൽ കണക്ഷൻ എന്നീ വിഭാഗങ്ങളിൽ പുതിയ കണക്ഷൻ നല്കുന്നത് താത്കാലികമായി നിർത്തലാക്കിയിരിക്കുകയാണ്. കുടിവെള്ള ദുരുപയോഗം തടയാനായി പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. കുടിവെള്ള ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അതുമായി ബന്ധപ്പെട്ടവരുടെ കണക്ഷനുകൾ റദ്ദാക്കുകയും അവർക്കെതിരായി കേസുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. സ്രോതസ്സുകളിൽ ജലലഭ്യത കുറയുന്നതനുസരിച്ച് കുടിവെള്ള വിതരണത്തിന് പ്രാദേശിക തലത്തിൽ നിയന്ത്രണം ഏർപ്പെടുത്തി വരുന്നുണ്ട്. കൂടാതെ കുടിവെള്ള വിതരണ സമയം ക്രമീകരിച്ചും എല്ലാ ഭാഗങ്ങളിലും കുടിവെള്ളമെത്തിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ